


# ഉയിർപ്പിന്റെ അഭിഷേകം

## പെസഹാക്കാല വിചിന്തനങ്ങൾ

ഏപ്രിൽ 2020

നമ്മുടെ കർത്താവിന്റെ ഉത്ഥാനത്തിരുനാൾ അടുത്തുവരുന്ന ഈ നാളുകളിൽ കോവിഡ് 19 പകർച്ചവ്യാധി നമ്മെയും മറ്റനേകം രാജ്യങ്ങളെയും ഭീതിയിലാഴ്ത്തി പടർന്നു പിടിക്കുകയാണ്. മുൻകരുതലിന്റെ ഭാഗമായി ആത്മീയ അനുഷ്ഠാനങ്ങളും ഒത്തുചേരലുകളും പരിമിതപ്പെടുത്തേണ്ടിവന്ന, ഒരുപക്ഷേ ഒഴിവാക്കേണ്ടിവന്ന സാഹചര്യത്തിലാണ് നാം ഈ നോമ്പുകാലമാചരിക്കുന്നത്.

ആദ്യത്തെ പെസഹായും, ഇസ്രായേൽക്കാരുടെ വിമോചനവും വിശുദ്ധ ഗ്രന്ഥം വിവരിക്കുന്നത് ഈജിപ്തിൽ ആഞ്ഞടിച്ച തുടർച്ചയായ പകർച്ചവ്യാധികളുടെ പശ്ചാത്തലത്തിലായിരുന്നു. തങ്ങളുടെ മേൽ തളിക്കപ്പെട്ട പെസഹാ കുഞ്ഞാടിന്റെ രക്തത്താൽ ദൈവജനത രക്ഷപ്രാപിച്ചതുപോലെ, യേശുക്രിസ്തുവിന്റെ തിരുരക്തത്താൽ എല്ലാ മഹാമാരിയിൽ നിന്നും നാമും സംരക്ഷിക്കപ്പെടട്ടെ. രോഗസൗഖ്യത്തിനു വേണ്ടി പ്രാർത്ഥിക്കുക എന്നതുപോലെ തന്നെ രോഗാണുക്കളുടെ വ്യാപനം തടയുവാനുള്ള മാർഗങ്ങൾ സ്വീകരിക്കുക എന്നതും ഏറ്റം പ്രധാന്യമർഹിക്കുന്ന കാര്യമാണ്.

ക്രിസ്തു പെസഹാദിനത്തിൽ തന്റെ രക്തത്താൽ സ്ഥാപിച്ച പുതിയ ഉടമ്പടിയുടെ മുന്നോടിയായി നടന്ന ഒരു ശുശ്രൂഷയായിരുന്നു ബഥാനിയായിലെ തൈലാഭിഷേകം. ആ സ്ത്രീയുടെ പ്രവൃത്തി ശിഷ്യന്മാർക്കു വെറും ധൂർത്തായി തോന്നിയെങ്കിലും യേശു അതിനെ കണ്ടത് തന്റെ സംസ്കാരത്തിന് ഒരുക്കമായി നടക്കുന്ന അഭിഷേകമായാണ്. നാം ധൂർത്തരാകാതെ ദരിദ്രരെ സഹായിക്കണമെന്നത് ദൈവഹിതമാണ്. എന്നിരുന്നാലും സ്നേഹിക്കുന്ന കാര്യത്തിൽ ബഥാനിയായിലെ സ്ത്രീയെപ്പോലെ നാമും ധൂർത്തരാവണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നു.

ബഥാനിയായിലെ തൈലാഭിഷേകത്തിനനുബന്ധമായും, പകരമായും തന്റെ പീഡാസഹന, മരണ, ഉത്ഥാന ദിവസങ്ങളിൽ കർത്താവു ചെയ്യുന്ന മൂന്നു പ്രധാന കാര്യങ്ങളാണ് നാമിവിടെ ധ്യാനവിഷയമാക്കുന്നത്. അഭിഷേകത്തിന്റെ നീരുറവ തന്റെ അരുമജനത്തിനായ് ഇനി തുറന്നിടുന്നത് കർത്താവാണ്.

### പെസഹാ വ്യാഴാഴ്ച സെഹിയോൻ ഊട്ടുശാലയിൽ വച്ചുനടന്ന പങ്കുവയ്ക്കലിന്റെയും ശുശ്രൂഷയുടെയും അഭിഷേകം

ശിഷ്യന്മാരുടെ കാലുകൾ കഴുകുന്ന കർത്താവ് അവരുടെ അശുദ്ധി തുടച്ചുമാറ്റുന്നതിനായി തന്റെ ജീവിതം തന്നെയാണ് ബലിയായി നൽകുന്നത്. കർത്താവിന്റെ മരണവും ഉത്ഥാനവുമടങ്ങുന്ന പെസഹാരഹസ്യങ്ങളിലൂടെയാണ് കാലുകഴുകൽ ശുശ്രൂഷയുടെ പരമാർത്ഥം നമുക്ക് മനസ്സിലാകുന്നത്. ജലംകൊണ്ടുള്ള കർത്താവിന്റെ അഭിഷേകം അവരുടെയുള്ളിലെ അഹംഭാവത്തിന്റെയും, ആധിപത്യത്തിന്റെയും അഴുക്ക് തുടച്ചുനീക്കുകയും, അവരെ വിനയത്തിന്റെ പുതുവസ്ത്രം അണിയിയ്ക്കുകയും, ക്രിസ്തുസ്നേഹമാകുന്ന പുതിയനിയമം കൊണ്ട് അവരുടെ അരമുറുക്കുകയും ചെയ്യുന്നു. അങ്ങനെ അവർ കുഞ്ഞാടിന്റെ വിരുന്നിലേയ്ക്ക് പ്രവേശിക്കുന്നു.

ബലിയായിത്തീരുന്ന പെസഹാക്കുഞ്ഞാടിന്റെ രക്തം പൂർണമായും വാർന്നശേഷം, ഇസ്രായേൽക്കാർ അതിനെ ഭക്ഷിക്കുകയും അതിന്റെ രക്തം വാതിൽപടികളിൽ തളിക്കുകയും ചെയ്തു. രക്തം തളിക്കുന്നതും മാംസം ഭക്ഷിക്കുന്നതും പെസഹാ ആചരണത്തിന്റെ മഹനീയ സ്മാരകങ്ങളായി മാറി. ഇന്ന്, യേശു സ്ഥാപിച്ച പുതിയ ഉടമ്പടിയിൽ, അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിൽ, അവൻ തന്റെ പ്രിയ ജനത്തിനായി സ്വയം അർപ്പിച്ചുകൊണ്ട് നിത്യതയിലേയ്ക്ക് നയിക്കുന്ന ജീവദായകമായ ഭോജ്യമായി മാറുന്നു. അവനെ സ്വീകരിക്കുന്ന നാം, അവന്റെ അനുയായികളായിത്തീർന്നുകൊണ്ട് ഈ ലോകത്തിൽ മറ്റൊരു ക്രിസ്തുവായി മാറുവാൻ

അഭിഷേകം ചെയ്യപ്പെട്ടിരിക്കുന്നു. "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" എന്ന പുതിയ കല്പനവഴി അവന്റെ സ്വന്തമായി തീർന്ന, തെരഞ്ഞെടുക്കപ്പെട്ട സമൂഹമായി അവൻ നമ്മെ മുദ്രണം ചെയ്തിരിക്കുന്നു.

## ദുഃഖഃവെള്ളിയാഴ്ച കുരിശിൽ പൂർത്തിയായ കരുണയുടെയും ക്ഷമയുടെയും അഭിഷേകം

യഹൂദർ പരമ്പരാഗതമായി ആചരിക്കുന്ന യോംകിപ്പൂർ പ്രാർത്ഥനക്രമത്തിൽ മോചനദ്രവ്യവും കൈകളിലേന്തി നിൽക്കുന്ന അനുതാപിയായ വ്യക്തി തന്റെ പാപങ്ങൾ തിരിച്ചറിയുകയും അവ ഏറ്റുപറയുകയും ചെയ്യുമ്പോൾ അവനെ രക്ഷിക്കാനാഗ്രഹിച്ചുകൊണ്ടു നീതിമാനായ കർത്താവ് അവനുവേണ്ടി വാദിക്കാൻ ഒരുക്കമുള്ള ഒരുവനെ തെരയുകയും കണ്ടെത്തുമ്പോൾ അവനെ രക്ഷിക്കുകയും ചെയ്യുന്നു. യേശുക്രിസ്തു തന്റെ കുരിശുമരണത്തിലൂടെ നമ്മുടെ മോചനദ്രവ്യമായിത്തീർന്നു. "പിതാവേ ഇവർ ചെയ്യുന്നതെന്തെന്ന് ഇവരറിയുന്നില്ല, ഇവരോട് ക്ഷമിക്കേണമേ" എന്നു പ്രാർത്ഥിച്ചുകൊണ്ട് തന്നെ കുരിശിൽ തറച്ചവർക്കായി അവൻ സ്വയം വാദിച്ചു. ക്ഷമയുടെ വറ്റാത്ത നീരുറവയായ കർത്താവിന്റെ കുരിശ് നമ്മോട് പ്രഘോഷിക്കുന്നത് – പാപികളെ സ്നേഹിക്കുന്നതിൽനിന്നും അവരോട് ക്ഷമിക്കുന്നതിൽനിന്നും കർത്താവ് ഒരിക്കലും പിന്മാറുകയില്ല എന്നാണ്. കുരിശിൽ നമുക്ക് ലഭ്യമാകുന്ന അപരിമിതമായ ക്ഷമയും സ്നേഹവും അപരനോട് ആത്മാർത്ഥമായി ക്ഷമിക്കുവാൻ ബാധ്യതയുള്ളരായി നമ്മെ മാറ്റുന്നു. യേശുക്രിസ്തുവിൽ പാപമോചനം ലഭിച്ചവരും, അവനിൽ വീണ്ടും ജനിച്ചവരുമായ നാം മറ്റുള്ളവരെ സഹോദരതുല്യം സ്നേഹിക്കുവാനായി വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു.

ജീവദായകവും സ്നേഹവുമാകുന്ന കരുണയുടെ അടയാളമാണ് അവിടുത്തെ കുരിശ്. കുത്തിത്തുളക്കപ്പെട്ട അവന്റെ തിരുമാറിൽനിന്ന് രക്തവും ജലവും പ്രവഹിച്ചു എന്ന് അവന്റെ പ്രിയശിഷ്യൻ സാക്ഷ്യപ്പെടുത്തുന്നുണ്ട്. വിശുദ്ധീകരിക്കുന്നതും, ദൈവവുമായി നമ്മെ അനുരഞ്ജനപ്പെടുത്തുന്നതുമായ അവിടുത്തെ ആത്മാവും, ജലവും, രക്തവും തന്റെ പ്രിയതമയായ സഭയ്ക്ക് (സഭാതനയർക്ക്) അവനേകുന്ന വിശിഷ്ട പാരിതോഷികങ്ങളാണ്. കുരിശിൽ മുറിയ്ക്കപ്പെട്ട അവന്റെ ശരീരത്താലും, ചിന്തപ്പെട്ട രക്തത്താലും നാമോരോരുത്തരും അവിടുത്തെ മാംസവും രക്തവുമായി മാറുന്നു.

## ഈസ്റ്റർ ഞായറാഴ്ച കൈവന്ന പ്രേഷിത ശിഷ്യത്വത്തിന്റെ അഭിഷേകം

ഉത്ഥാനം ചെയ്ത കർത്താവിന്റെ പ്രഥമ ദൃക്സാക്ഷിയാകാൻ ഭാഗ്യം ലഭിച്ചത് മഗ്ദലനമറിയത്തിനായിരുന്നു. "ഞാൻ എന്റെ പിതാവിന്റെയും നിങ്ങളുടെ പിതാവിന്റെയും, എന്റെ ദൈവത്തിന്റെയും നിങ്ങളുടെ ദൈവത്തിന്റെയും പക്കലേയ്ക്ക് ആരോഹണം ചെയ്യുന്നു" എന്ന സദ്‌വാർത്ത തന്റെ സഹോദരന്മാരെ അറിയിക്കുവാനുള്ള ദൗത്യം കർത്താവ് അവളെ ഏൽപ്പിച്ചു. ഉത്ഥാനശേഷം സകലജനങ്ങൾക്കുമായി യേശുക്രിസ്തു ദൈവരാജ്യം തുറന്നു കൊടുത്തു എന്നതാണ് ഈ സദ്‌വാർത്തയുടെ അർഥം.

അന്ന് സായാഹ്നമായപ്പോൾ, യഹൂദരെ ഭയന്ന് കതകടച്ച ഭവനത്തിനുള്ളിൽ കഴിഞ്ഞിരുന്ന ശിഷ്യന്മാർക്ക് യേശു പ്രത്യക്ഷപ്പെട്ടു. അവരുടെമേൽ പരിശുദ്ധാത്മാവിനെ നിശ്വസിച്ച് അവരെ തന്റെ ദൗത്യം ഏൽപ്പിച്ചു കൊണ്ട് അരുളിച്ചെയ്തു "പിതാവ് എന്നെ അയച്ചതുപോലെ ഞാൻ നിങ്ങളെയും അയയ്ക്കുന്നു" (യോഹ –20:20 23). 'എന്റെ പിന്നാലെ വരിക' എന്ന് പറയുന്ന യജമാനന്റെ ശബ്ദമാണ് ഒരു ക്രിസ്തുശിഷ്യന്റെ പ്രേഷിത ദൗത്യത്തിനടിസ്ഥനമാകുന്ന പരമോന്നതമായ അഭിഷേകം.

പെസഹാക്കാലത്തു ഏവരും ആഗ്രഹിക്കുന്ന അഭിഷേകത്തിന്റെ പ്രാധാന്യം അപ്പാടെ ഒപ്പിയെടുക്കുന്ന ഒരു പുരാതന ഗീതകമാണ് "യേശുവിനാത്മാവേ എന്നെ ശുദ്ധീകരിക്കണമേ" എന്നത്. ഓരോ മനുഷ്യനിലും ആഴമായും സത്യമായും കുടികൊള്ളുന്ന, വിശുദ്ധീകരണത്തിനുവേണ്ടിയും ദൈവവുമായുള്ള പരമമായ ഒന്നാകലിന് വേണ്ടിയുമുള്ള അവന്റെ ആന്തരികദാഹമാണ് ഇവിടെ നാം കാണുന്നത്. നാം ആഗ്രഹിക്കുന്ന രക്ഷ നേടിയെടുക്കുന്നതിന് ക്രിസ്തുവിന്റെ ഉത്ഥാനം നമ്മെ പ്രാപ്തരാക്കുന്നു. സിംഹാസനത്തിൽ ഉപവിഷ്ടനായവൻ ഉറപ്പു നൽകുന്നു "ദാഹിക്കുന്നവന് ജീവജലത്തിന്റെ ഉറവയിൽനിന്നു സൗജന്യമായി ഞാൻ കൊടുക്കും...ഞാൻ അവനു ദൈവവും അവൻ എനിക്കു മകനുമായിരിക്കും." (വെളി. 7–6 :21).

ഈ പെസഹാക്കാലം നമുക്ക് വലിയ അഭിഷേകത്തിന്റെ കാലമാക്കിത്തീർക്കാം. ഞെരുക്കങ്ങളിലൂടെ കടന്നുപോകുമ്പോൾ ഒന്നുറപ്പിക്കുക, ഈ കാലത്തെക്കുറിച്ചു നമ്മൾ പിന്നീട് ഓർമ്മിക്കേണ്ടത് വലിയ അഭിഷേകത്തിന്റെ കാലം എന്നായിരിക്കണം. മേല്പറഞ്ഞ മൂന്നഭിഷേകവും സ്വീകരിക്കാൻ വിട്ടുവീഴ്ച കൂടാതെ നമുക്ക് നമ്മെത്തന്നെ ഒരുക്കാം. ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ നേരുന്നു.

പ്രാർത്ഥനയോടെ,
**ബിഷപ്പ് ജെയിംസ് ആനാപറമ്പിൽ**
ആലപ്പുഴ രൂപത